
# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

## നരിപ്പറ്റ എം.എൽ.പി സ്കൂൾ
## നരിപ്പറ്റ



# അക്കാദമിക മാസ്റ്റർ പ്ലാൻ

1. വിദ്യാലയത്തിന്റെ പേര് : നരിപ്പറ്റ എം.എൽ.പി സ്കൂൾ

2 സബ് ജില്ല : കുന്നുമ്മൽ

3 അധ്യാപകരുടെ എണ്ണം : 5

4 ഹെഡ് മിസ്ട്രസ് : ടി. ഷൈജ

5 സ്ക്കൂളിലെ കുട്ടികളുടെ എണ്ണം : 69

6 പ്രത്യേക പരിഗണന ആവശ്യമുള്ളവർ 2

## അക്കാദമിക പ്രവർത്തനലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും തെറ്റില്ലാത്ത ഭാഷയിൽ ചെറുവാക്യങ്ങളിൽ എഴുതാൻ കഴിവു നേടുന്നു.

2. എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവു നേടുന്നു!.

3 കുട്ടികളെ ആശയ ഗ്രഹണ വായനയിലേക്കും , ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാ വികസനത്തിന് പ്രാപ്തരാക്കുന്നു

4 വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വായനയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നു.

5 എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയാറാക്കുന്നു

6. രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു

7 ആകർഷകവും സമഗ്രവുമായ നോട്ട് ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു.

8 ആശയാവതരണരീതിയുടെ പ്രായോഗികതയും സാധ്യതയും ഗവേഷണാത്മകമായി പരശോധിക്കുന്നു

9 സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സർഗ്ഗാത്മക ഡയറികൾ തയ്യാറാക്കുന്നതിലൂടെ സർഗ്ഗാത്മക ശേഷി വികസിപ്പിക്കുക.

10 കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നു

11 സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

12 ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക .

13 പരിസര പഠനവുമായി ബന്ധപ്പെട്ട ലഘു നിർമാണ പ്രൊജെക്ടുകളിലും, ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിലും ധാരണ നേടുക.

14 സചിത്ര നോട്ട് ബുക്കിൻറെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാ ശേഷികൾ ആർജ്ജിക്കുക

# ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ

1 സചിത്ര പുസ്തകം (1,2 ക്ലാസുകളിൽ)

2 സംയുക്ത ഡയറി (1,2 ക്ലാസുകളിൽ )

3 മലയാള മധുരം (1, 2 ക്ലാസുകളിൽ ),

4 സർഗ്ഗാത്മക ഡയറി ( 3, 4 ക്ലാസുകളിൽ)

5 റീഡേഴ്സ് തിയേറ്റർ (3, 4 ക്ലാസുകളിൽ)

6 രചനോത്സവം ( എല്ലാ ക്ലാസുകളിലും)

7 ക്ലാസ് പി.ടി.എ കൾ (ഓരോ അക്കാദമിക ഉള്ളടക്കത്തിന് ഊന്നൽ)

8 എസ്.ആർ.ജി യോഗത്തിലെ ക്ലാസനുഭവ റിപ്പോർട്ട് അവതരണം

9 കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും

10 ഓരോ കുട്ടിയുടെയും പഠനപുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും

11 കുട്ടിക്കു സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും അധ്യാപക -രക്ഷാകർതൃവിലയിരുത്തൽ രീതികൾ ബോധ്യപ്പെട്ട് കൂടുതൽ പിന്തുണ ഉറപ്പാക്കുക.

12 പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (സാക്ഷരം) ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.



## ഉള്ളടക്കം


1 ആമുഖം
2 പ്രവർത്തനക്കലണ്ടർ
3 മലയാള മധുരം
4 സംയുക്ത ഡയറി
5 സചിത്ര പുസ്തകം
6 സർഗ്ഗാത്മക ഡയറി
7 കാവ്യോത്സവം
8 റീഡേഴ്സ് തിയേറ്റർ
9 രചനോത്സവം
10 സാക്ഷരം
11 ലിറ്റിൽ സയന്റിസ്റ്റ്
(ശാസ്ത്ര ക്ലബ്ബ് പ്രവർത്തനങ്ങൾ )
12 വാർഷികാസൂത്രണം

## പ്രവർത്തനക്കലണ്ടർ

| നമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1 | പ്രവർത്തനക്കലണ്ടർ | മെയ് |
| 2 | മലയാള മധുരം | ജൂൺ - മാർച്ച് |
| 3 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് |
| 5 | സർഗ്ഗാത്മക ഡയറി | ജൂൺ - മാർച്ച് |
| 6 | കാവ്യോത്സവം | ജൂൺ - മാർച്ച് |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂൺ - മാർച്ച് |
| 8 | രചനോത്സവം | ആഗസ്റ്റ്, ഡിസംബർ , മാർച്ച് |
| 9 | സാക്ഷരം . | ജൂലായ് മുതൽ |
| 10 | ലിറ്റിൽ സയന്റിസ്റ്റ് | ജൂലായ് മുതൽ |

# ആമുഖം

**നരിപ്പറ്റ എം.എൽ.പി സ്കൂളിൽ** 2025-26അധ്യയന വർഷം **69** കുട്ടികൾ പഠിക്കുന്നു. സ്കൂട്ടിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന് സമഗ്ര് ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ അക്കാദമിക **മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്** കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാകുന്നതിനു വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

* ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ സ്ക്കൂളിലെ മുഴുവൻ കുട്ടികളും തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടുന്നു.

* രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുക.

* സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കും.

* കുട്ടികൾ സ്വയംപ്രവർത്തനങ്ങളിൽ ഏർപെട്ടുകൊണ്ട് അറിവ് നിർമാണപ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു

* സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

* ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക .

* പരിസര പഠനവുമായി ബന്ധപ്പെട്ട ലഘു നിർമാണ പ്രൊജെക്ടുകളിലും, ലഘു പരീക്ഷണങ്ങൾ ചെയ്യുന്നതിലും ധാരണ നേടുക.

* ~~ചിത്ര നോട്ട് ബുക്കിൻറെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാ ശേഷികൾ ആർജ്ജിക്കുക~~

* സ്കൂളിലെ പ്രവർത്തനങ്ങൾ രക്ഷിതാക്കളുടെ ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തും. സജീവ പങ്കാളിത്തം

* സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകും.

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (സാക്ഷരം) ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലൂടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക

* ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാരാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക..

# മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനത്തുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം .കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും . നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

* സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു

## പ്രവർത്തന ഘട്ടങ്ങൾ

* അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം എസ്.ആർ.ജിയിൽ അവലോകനം ചെയ്യുന്നു. ( മെയ് അവസാനം)

* തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു

* CPTA യിൽ അവലോകനവും, തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ജൂൺ ആദ്യവാദം)

* കുട്ടിയും രക്ഷിതാവും ചേർന്നവായന ആരംഭിക്കുന്നു (ജൂൺ)

* തുടർന്നുള്ള മാസങ്ങളിൽ വായനാത്സവം, കാലാരസവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു.

* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രേ രചനകൾ നടത്തുന്നു. (ഓരോ ടേമിലും )

* കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

* രചനോത്സവത്തിൽ പുസ്തകം പ്രസിദ്ധീകരിച്ചു പ്രകാശനം നടത്തുന്നു.

* വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം നൽകുന്നു.

## വിലയിരുത്തൽ

* മലയാള മധുരം പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്തിട്ടുണ്ട്

* രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്

* വായനയുടെ ഘട്ടങ്ങൾ കൃത്യമായി പാലിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്

* രചനോത്സവം, വായനോത്സവം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്

* ഭാഷാത്സവത്തിന്റെ ഭാഗമായി കുഞ്ഞെഴുത്ത് പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്

* കുട്ടികളുടെ വിവിധ പ്രകടന രൂപങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് സമൂഹവുമായി പങ്കു വെച്ചിട്ടുണ്ട്

ചുമതല

ക്ലാസ് ടീച്ചർ, പി.ടി.എ , ഹെഡ്മാസ്റ്റർ

## സംയുക്ത ഡയറി

രക്ഷിതാവിന്റെ അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിങ് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സംയുക്ത ഡയറിയിലൂടെ സാധിക്കും

## ലക്ഷ്യ പ്രസ്താവനകൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു

* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.

* ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

* അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

## പ്രവർത്തനഘട്ടങ്ങൾ

* സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ ആദ്യവാരം)

* ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)

* എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

* ജൂൺ മുതൽ ആരംഭിക്കുന്നു.

* ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.

* കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.

* കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.

* സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

* എന്റെ ഡയറിക്കുറിച്ച് എന്നതിലേക്കും മാറ്റാം (വ്യക്തിഗതമായി)

## വിലയിരുത്തൽ

* ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

* എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്

* സർഗാത്മക ശേഷി വികാസത്തിനുള്ള സാധിച്ചിട്ടുണ്ട്. കഴിവുകൾ ഉറപ്പാക്കാൻ

* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.

* മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

* വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്

* തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ചെയ്തിട്ടുണ്ട്. ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

## ചുമതല

ക്ലാസ് ടീച്ചർ,രക്ഷിതാക്കൾ ,പ്രധാനധ്യാപകൻ

## സാമ്പത്തികം

**പി.ടി എ**

# സചിത്ര പുസ്തകം

2024-25 വർഷത്തിൽ രണ്ടാം ക്ലാസിലെ യൂണിറ്റുകളും സചിത്ര പാഠരൂപത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഉദ്ഗ്രഥിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമാതൃകകൾ വികസിപ്പിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചി സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

## ലക്ഷ്യ പ്രസ്താവനങ്ങൾ

* രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്രപുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതി - നുള്ള പ്രായോഗിക ധാരണ നേടുന്നു.

* എല്ലാ കുട്ടികൾക്കും സചിത്രപുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു.

* പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു

## പ്രവർത്തന ഘട്ടങ്ങൾ

* കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്രപാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു.

* വർക്ക്  ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ മൂന്ന് യൂണിറ്റുകൾ (2025 ജൂൺ 10)

* ഏകദിന രക്ഷാകർതൃ ശില്പശാല - സചിത്രപാഠങ്ങൾ പരിചയപ്പെടുത്തലും

* ആവശ്യമായ പിന്തുണ ഉറപ്പാക്കലും (2025 ജൂൺ 15 ) സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ (എല്ലാ മാസവും രണ്ട് മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം (2025ആഗസ്ത്, 2025 ഡിസംബർ)

* സചിത്ര ബുക്കുകൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നതിൽ ടീച്ചർക്ക് ധാരണയുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

* എല്ലാ കുട്ടികൾക്കും സചിത്രപാഠം വർക്ക് ബുക്ക് ഉറപ്പുവരുത്തുന്നു.

* എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

* എല്ലാ രക്ഷിതാക്കളുടെയും പിന്തുണ ഉറപ്പുവരുത്തുന്നു.

* പ്രതിമാസ സി. പി. ടി. എ യോഗങ്ങളിൽ സചിത്ര പുസ്തകങ്ങൾ മുഖ്യ അജണ്ടയാവുന്നു. കുട്ടികളുടെ സചിത്ര പുസ്തകങ്ങൾ വിലയിരുത്തുന്നു ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠം അവതരിപ്പിക്കുന്നു.

## ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, എസ്. എസ്. കെ

## സാമ്പത്തികം

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പി. ടി. എ എസ്. എസ്. എ ,

# സർഗ്ഗാത്മക ഡയറി

നടപ്പിലാക്കുന്ന ക്ലാസ് : 3, 4

രക്ഷിതാവിന്റെ/അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സർഗ്ഗാത്മക ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനം സാധ്യമാകുന്നതിത് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സർഗാത്മക ഡയറി വളരെ സ്വാധീനം ചെലുത്തുന്നു. വിഭിന്ന നിലവാരക്കാരായ കുട്ടികളെ ലളിതമായ വരയിലൂടെയും എഴുത്തിലൂടെയും സ്വതന്ത്ര രചയിതാക്കളാക്കുന്നതിന് സർഗ്ഗാത്മക ഡയറിയിലൂടെ സാധിക്കും

**ലക്ഷ്യ പ്രസ്താവനകൾ**

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

* സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.

* ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

* അനുഭവാധിഷ്ഠിതമായ ഭാഷാ പഠനം സാധ്യമാകുന്നു.

**പ്രവർത്തനഘട്ടങ്ങൾ**

സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ മികച്ച ഡയറികൾ അവതരിപ്പിക്കുന്നു. ചർച്ചയിലൂടെ (ആദ്യവാരം) നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ)

* ക്ലാസ് പി.ടി.എയിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)

* എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

* ജൂൺ മുതൽ ആരംഭിക്കുന്നു.

* ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.

* കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവെക്കുന്നു.

* കുട്ടികളിൽ സമ്മർദ്ദമേകാതെ ഡയറി പൂർത്തിയാക്കാൻ സഹായിക്കുന്നു.

* ഡിജിറ്റൽ സർഗ്ഗാത്മകഡയറി തയ്യാറാക്കുന്നു.

* സർഗ്ഗാത്മക ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

## വിലയിരുത്തൽ

* ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സർഗ്ഗാതമക ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

* എല്ലാ രക്ഷിക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്

* സർഗാത്മക ശേഷി വികാസത്തിനുള്ള കഴിവുകൾ ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹവുമായും

രക്ഷിതാക്കളുമായും പങ്കുവെച്ചിട്ടുണ്ട്.

* മുഴുവൻ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

* വ്യക്തിഗതമായി പുസ്തകം തയ്യാറാക്കുന്നതിനുള്ള സാധ്യത ഒരുക്കിയിട്ടുണ്ട്.

* തുടക്കം മുതലേ പ്രവർത്തനങ്ങളുടെ വീഡിയോ ഡോക്യുമന്റ് ചെയ്തിട്ടുണ്ട്.

ചുമതല

ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ

സാമ്പത്തികം

എസ്.എസ്.കെ, പി.ടി.എ

## കാവ്യോത്സവം

നടപ്പിലാക്കുന്ന ക്ലാസ് :3, 4

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന, ലേഖനം എന്നിവ എളുപ്പമാകുന്നു.

കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി നാലാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് കാവ്യോത്സവം. ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ കാവ്യോത്സവത്തിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ

* താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു

* ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ

* കാവ്യോത്സവത്തിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു. (ജൂൺ ആദ്യവാരം)

* ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)

* കുട്ടികളെ കൂടി പങ്കാളികളാക്കി കാവ്യോത്സവം അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ രണ്ടാം വാരം)

* തുടർപാഠങ്ങളുടെ ഭാഗമായി കാവ്യോത്സവം അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്ക്കാരവും) വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കൽ, കാവ്യോത്സവത്തിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15 മുതൽ ഫെബ്രുവരി വരെ) ഭാഷോത്സവത്തിന്റെ ഭാഗമായി കാവ്യോത്സവം അവതരിപ്പിക്കൽ (മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

* ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തന പദ്ധതികൾ കാവ്യോത്സവത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

* ക്ലാസ് പി.ടി.എ. യുടെയും പ്രാദേശിക റിസോഴ്സ്പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

* പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി കാവ്യോത്സവത്തിന്റെ പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ് മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

* കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.

* കാവ്യോത്സവത്തിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡു കളാക്കി മാറ്റിയിട്ടുണ്ട്.

* ഭാഷോത്സവത്തിന്റെ ഭാഗമായി കവ്യോത്സവത്തിലെ മികവുകൾ അവതരി പ്പിച്ചിട്ടുണ്ട്.

## ചുമതല

ക്ലാസ് ടീച്ചർ,പി.ടി.എ, പ്രധാനാധ്യാപകൻ

## **സാമ്പത്തികം**

എസ്. എസ്. കെ, പി.ടി.എ

# റീഡേഴ്സ് തിയേറ്റർ

നടപ്പിലാക്കുന്ന ക്ലാസ് : 3, 4

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം മൂന്ന്, നാല് ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാമികവുണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യവായനയ്ക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

## ലക്ഷ്യപ്രസ്താവനകൾ

* മൂന്ന്, നാല് ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

* മൂന്ന് നാല് ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

* പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു

* ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

* റീഡേഴ്സ് തിയേറ്റർ എസ്. ആർ. ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ)

* ക്ലാസ്. പി. ടി. എ. യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പു വരുത്തലും (2025 ജൂൺ മൂന്നാം വാരം)

* ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം)

* എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ 2026 മാർച്ച്)

* മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 2026 മാർച്ച്)

* ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2025 ജൂലൈ - 2026 മാർച്ച് രണ്ടാം വാരം)

## വിലയിരുത്തൽ

* റിഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്. ആർ. ജി, ക്ലാസ് പി.ടി.എ അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.

* കുട്ടികളെ റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിൽ അധ്യാപികക്ക് പ്രായോഗിക ധാരണയുണ്ട്.

* റീഡേഴ്സ് തിയേറ്റർ നടപ്പിലാക്കുന്നതിന് അനുയോജ്യമായ പാഠഭാഗങ്ങൾ, ലഘുബാല സാഹിത്യ

കൃതികൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.

* കുട്ടികൾക്ക് റീഡേഴ്സ് തിയേറ്റർ അവതരിപ്പിക്കുന്നതിനുള്ള സന്ദർഭം, വേദികൾ എന്നിവ ഒരുക്കുന്നു.

* മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

* എല്ലാ കുട്ടികളെയും റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമാക്കുന്നു.

* പ്രാദേശിക കലാകാരന്മാരുടെ സേവനം പ്രവർത്തനത്തിൽ ഉറപ്പു വരുത്തുന്നു.

ചുമതല

ക്ലാസ് ടീച്ചർ, സി. പി.ടി.എ.

സാമ്പത്തികം

എസ്.എസ്.കെ, പി.ടി.എ

## രചനോത്സവം

നടപ്പിലാക്കുന്ന ക്ലാസ് : 1, 2,3, 4, 5

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ ക്ലാസിലെ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം , ആസ്വാദനക്കുറിപ്പ്, പത്രവാർത്ത, ജീവചരിത്രക്കുറിപ്പ്, ആത്മകഥ, തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് ക്ലാസുകളിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

ലക്ഷ്യ പ്രസ്താവന

എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു

പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു

പ്രവർത്തന ഘട്ടങ്ങൾ

രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ 2-ാം വാരം)

സി.പി.ടി.എ.യിൽ രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3-ാം വാരം)

പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രവരി )

രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2025 സെപ്തംബർ, ഡിസംബർ,മാർച്ച് 2026)

* കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2026)

വിലയിരുത്തൽ

* രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

* പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാക്കുന്നു.

* എല്ലാ വ്യവഹാരരൂപങ്ങൾക്കും വരുത്തുന്നു. പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ് വരുത്തുന്നു.

* കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു

* രക്ഷാകർത്യ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.

ചുമതല

ക്ലാസ് ടീച്ചർ,പി.ടി.എ

സാമ്പത്തികം

പി.ടി.എ.,എസ്. എസ്. കെ